# പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 5296

26.03.2018-ന് മറുപടിയ്ക്ക്

## ഗവൺമെന്റ് സ്കൂളുകളിലെ ലാബുകളുടെ നവീകരണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ബി.ഡി. ദേവസ്സി | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഗവൺമെന്റ് സ്കൂളുകളിലെ ലാബുകൾ നവീകരിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) സ്വീകരിച്ചിട്ടുണ്ട്. |
| (ബി) ചാലക്കുടി മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിലെ ലാബുകൾ നവീകരിക്കുന്നതിനാണ് സർക്കാർ നടപടി സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ? | (ബി) ചാലക്കുടി നിയോജക മണ്ഡലത്തിലെ ജി.എം.ബി.എച്ച്.എസ്.എസ്. ചാലക്കുടി, ജി.എച്ച്.എസ്.എസ്. ചൈപ്പൻകുഴി (കുറ്റിച്ചിറ) എന്നീ ഗവ.ഹയർ സെക്കന്ററി സ്കൂളുകളിൽ 2016-17 വർഷങ്ങളിൽ ലാബുകൾ നവീകരിക്കുന്നതിനായി ഒരുലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്. വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗത്തിൽ ചാലക്കുടി ഗവ. വി.എച്ച്.എസ്.എസിന് ലാബ് നവീകരണത്തിനായി ഫണ്ട് അനുവദിച്ചിട്ടുണ്ട്. കൂടാതെ ചാലക്കുടി നിയോജക മണ്ഡലത്തിലെ എല്ലാ ഗവ.സ്കൂളുകളിലും ലാബുകൾ നവീകരിക്കുന്നതിനായി ആർ.എം.എസ്.എ. ഫണ്ടിൽ നിന്നും 10,000/- രൂപ (പതിനായിരം) വീതം അനുവദിച്ചിട്ടുണ്ട്. |

ചാലക്കുടി ജി.എം.ബി.വി.എച്ച്.എസ്.എസിൽ 'ഐഡിയൽ ലാബ്' സജ്ജീകരിക്കുന്നതിനായി ആർ.എം.എസ്.എ. മുഖേന 50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

കൂടാതെ ഗവ.സ്കൂളുകളിലെ ലാബുകൾ നവീകരിക്കുന്നതിനായി കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലും പൊതുവിദ്യാഭ്യാസ വകുപ്പും സംയുക്തമായി 'ശാസ്ത്രപോഷിണി' പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ചാലക്കുടി നിയോജക മണ്ഡലത്തിലെ ചുവടെ ചേർക്കുന്ന സ്കൂളുകളെ പരിഗണിച്ചിട്ടുണ്ട്.

1) ഗവ.ഹയർ സെക്കന്ററി സ്കൂൾ, ചെപ്പൻകുഴി
2) ഗവ.ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ, കൊടകര.
3) ഗവ.ഗേൾസ് ഹൈസ്കൂൾ, ചാലക്കുടി.
4) ഗവ.ഹയർ സെക്കന്ററി സ്കൂൾ, വെറ്റിലപ്പാറ
5) ഗവ.ഹയർ സെക്കന്ററി സ്കൂൾ, വി.ആർ.പുരം, ചാലക്കുടി.

സെക്ഷൻ ഓഫീസർ